# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE : 11.06.2025** **TIME:12.50PM**

## പ്രധാന വാർത്തകൾ

1) ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ നിലപാട് ലോകരാജ്യങ്ങളുമായി പങ്കുവയ്ക്കാൻ സർവകക്ഷി പ്രതിനിധി സംഘങ്ങൾ നടത്തിയ നിർണായക ശ്രമങ്ങളെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi says, he is proud of manner in which all party delegations put forward India's voice on global platforms after Operation Sindoor.**

2) രാഷ്ട്രസേവനത്തിന് അവസരം നൽകിയതിന് പ്രധാനമന്ത്രിയ്ക്ക് നന്ദി രേഖപ്പെടുത്തി കോൺഗ്രസ് എംപി ശശി തരൂർ.

   **Congress MP Shashi Tharoor, who led the delegation to America, praised Prime Minister Modi for giving an opportunity in the service of nation.**

3) ആത്മനിർഭർ ഭാരതിന്റെ ഏറ്റവും ശക്തമായ പ്രതീകമായി രാജ്യത്തിൻറെ പ്രതിരോധ മേഖല ഉയർന്നുവന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **India's defence sector has emerged as a key pillar of Atmanirbhar Bharat, says Defence Minister Rajnath Singh.**

4) നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയാകുന്നതായി ജില്ലാ കളക്ടർ. പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയപാർട്ടികൾ.

Political parties intensified campaigns for Nilambur byelection. All arrangements are in place for smooth conducting of polling, says District Collector.

5) ആക്സിയം-4 ദൗത്യത്തിന്റെ വിക്ഷേപണം വീണ്ടും മാറ്റി വെച്ചു.

Launch of Axiom-4 mission carrying Indian astronaut Shubhanshu Shukla to space postponed again due to leak of liquid oxygen in propulsion system.

6) കേരളത്തിൽ കാലവർഷം വീണ്ടും സജീവമാകുന്നു. അടുത്ത 6 ദിവസം വ്യാപക മഴയ്ക്ക് സാധ്യത.

Monsoon rains resumed in Kerala after a brief lull. IMD predicts widespread rainfall for the next six days.

*****************************

## PM- DELEGATION MEET (INTRO)

ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ നിലപാട് ലോകരാജ്യങ്ങളുമായി പങ്കുവയ്ക്കാൻ സർവകക്ഷി പ്രതിനിധി സംഘങ്ങൾ നടത്തിയ നിർണായക ശ്രമങ്ങളെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. വിദേശപര്യടനം നടത്തി തിരിച്ചെത്തിയ പ്രതിനിധി സംഘങ്ങളുമായി പ്രധാനമന്ത്രി ഇന്നലെ കൂടിക്കാഴ്ച നടത്തി. പര്യടനത്തിൻറെ വിശദാംശങ്ങൾ സംഘാംഗങ്ങൾ പ്രധാനമന്ത്രിയുമായി പങ്കുവച്ചു. സമാധാനത്തോടുള്ള ഇന്ത്യയുടെ പ്രതിജ്ഞാബദ്ധതയും, ഭീകരവാദ ഭീഷണി ഇല്ലാതാക്കേണ്ടതിന്റെ ആവശ്യകതയും ലോകരാജ്യങ്ങൾക്ക് മുന്നിൽ വിശദീകരിക്കാൻ പ്രതിനിധി സംഘത്തിന് സാധിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയുടെ ശബ്ദം ആഗോളതലത്തിൽ ഉയർത്താൻ സാധിച്ചതിൽ രാജ്യം അഭിമാനിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.എംപിമാരടക്കം 50 പ്രതിനിധികൾ ഉൾപ്പെട്ട ഏഴ് സർവകക്ഷി സംഘങ്ങൾ 33 രാജ്യങ്ങളിലാണ് പര്യടനം നടത്തിയത്. രാഷ്ട്രസേവനത്തിന്

അവസരം നൽകിയതിന് കോൺഗ്രസ് എംപി ശശി തരൂർ, പ്രധാനമന്ത്രിയ്ക്ക് നന്ദി രേഖപ്പെടുത്തി. അമേരിക്ക ഉൾപ്പെടെ അഞ്ച് വിദേശരാജ്യങ്ങളിലാണ് ശ്രീ തരൂരിൻറെ നേതൃത്വത്തിലുള്ള സംഘം വിജയകരമായി പര്യടനം നടത്തിയത്.

(ഹോൾഡ്)

***** ***** **** ***** ***** ******

## PM – INFRASTRUCTURE

സുസ്ഥിരതയും, സുദീർഘ കാഴ്ചപ്പാടുകളും മുൻനിർത്തിയുള്ള നൂതനമായ അടിസ്ഥാന സൗകര്യ വികസനമാണ് രാജ്യത്ത് നടപ്പാക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സ്വയംപര്യാപ്ത ഇന്ത്യയ്ക്കായുള്ള വികസന അടിത്തറയാണ് ഇതിലൂടെ നിർമിക്കുന്നതെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. അടിസ്ഥാന സൗകര്യ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്കാണ് കേന്ദ്ര സർക്കാരിൻറെ കഴിഞ്ഞ 11 വർഷങ്ങൾ സാക്ഷിയായത്. റെയിൽവേ, ദേശീയപാത, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവയിലൂടെ സമസ്ത മേഖലകളിലും അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തിയതായും അദ്ദേഹം പറഞ്ഞു.

***** ***** **** ***** ***** ******

## RAJNATH SINGH–DEFENCE PRODUCTION

2029 ഓടെ രാജ്യത്ത് 3 ലക്ഷം കോടി രൂപയുടെ പ്രതിരോധ ഉത്പാദനമാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഉത്തരാഖണ്ഡിലെ ഡെറാഡൂണിൽ **'ദേശീയ സുരക്ഷയും ഭീകരതയും'** എന്ന വിഷയത്തിൽ സംഘടിപ്പിച്ച പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 2029 ൽ രാജ്യത്തിന്റെ പ്രതിരോധ കയറ്റുമതി 50,000 കോടിയിലെത്തുമെന്നും ശ്രീ

രാജ്നാഥ് സിങ്ങ് വ്യക്തമാക്കി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പ്രതിരോധ കയറ്റുമതി 23,622 കോടി രൂപയായി ഉയർന്നു. ആത്മനിർഭർ ഭാരതിന്റെ ഏറ്റവും ശക്തമായ പ്രതീകമായി രാജ്യത്തിൻറെ പ്രതിരോധ മേഖല ഉയർന്നുവന്നതായും അദ്ദേഹം പറഞ്ഞു. ഇന്ത്യയിൽ നിർമിച്ച ആയുധങ്ങളും പ്രതിരോധ സംവിധാനങ്ങളുമാണ് ഓപ്പറേഷൻ സിന്ദൂറിൽ ഉപയോഗിച്ചതെന്നും രാജ്യ രക്ഷാമന്ത്രി വ്യക്തമാക്കി.

*****************************

## ASHVINI VAISHNAW – 11 YEARS OF GOVERNMENT

കഴിഞ്ഞ 11 വർഷത്തിനിടെ രാജ്യത്തിൻറെ മൂലധന ചെലവ് വളരെയേറെ വർദ്ധിച്ചതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. 2024 -25 കാലയളവിൽ ഇത് 11.2 ലക്ഷം കോടി രൂപയിലെത്തിയതായും, മോദി സർക്കാർ 11 വർഷം പൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച ലേഖനത്തിൽ അദ്ദേഹം വ്യക്തമാക്കി. രാജ്യത്തെ അടിസ്ഥാന സൗകര്യങ്ങൾ കഴിഞ്ഞ പതിറ്റാണ്ടിൽ നിർണായക വളർച്ച രേഖപ്പെടുത്തി. 59,000 കിലോമീറ്റർ ദേശീയ പാതയും, 37,500 കിലോമീറ്ററിലധികം റെയിൽ പാതയുമാണ് രാജ്യത്ത് പുതിയതായി നിർമിച്ചതെന്നും ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു. ഇന്ത്യയുടെ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ, ലോകശ്രദ്ധ നേടിയതായും അദ്ദേഹം വ്യക്തമാക്കി.

*****************************

## JITENDRA – AXIOM MISSION

ആക്സിയം-4 ദൗത്യത്തിന്റെ വിക്ഷേപണം വീണ്ടും മാറ്റി വെച്ചു. ഫാൽക്കൺ 9 റോക്കറ്റിന്റെ ലിക്വിഡ് ഓക്സിജൻ

സംവിധാനത്തിൽ ചോർച്ച കണ്ടെത്തിയതിനെ തുടർന്നാണ് വിക്ഷേപണം മാറ്റിയത്. തകരാർ പരിഹരിച്ചശേഷം വിക്ഷേപണത്തിനുള്ള പുതിയ തീയതി പ്രഖ്യാപിക്കും. ഇന്ത്യൻ യാത്രികൻ ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് ബഹിരാകാശ യാത്രികരാണ് 14 ദിവസത്തെ ദൗത്യത്തിനായി പുറപ്പെടുന്നത്. അമേരിക്കയിലെ കെന്നഡി സ്പെയ്സ് സെന്ററിൽ നിന്നും, സ്പെയ്സ് എക്സിന്റെ ഡ്രാഗൺ പേടകമാണ് യാത്രികരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിക്കുന്നത്. ISRO, Axiom, SpaceX വിദഗ്ധ സംഘത്തിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് വിക്ഷേപണം മാറ്റിയതെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് അറിയിച്ചു.

***** ********* ********** ******

## INDIA STAYS IN TOP 10

ആഗോളതലത്തിലെ മികച്ച നിക്ഷേപക ലക്ഷ്യസ്ഥാനങ്ങളുടെ പട്ടികയിൽ ഇന്ത്യ 10-ാം സ്ഥാനം നിലനിർത്തിയതായി കോളിയേഴ്സ് റിപ്പോർട്ട്. ഏഷ്യ - പസഫിക്ക് മേഖലയിലെ സുപ്രധാന നിക്ഷേപ കേന്ദ്രമായി ഇന്ത്യ മാറുകയാണെന്നും റിപ്പോർട്ടിൽ പറയുന്നു. റിയൽ എസ്റ്റേറ്റ് വിപണി സാധ്യതകളും, അടിസ്ഥാന സൗകര്യ വികസനത്തിന് അനുകൂലമായ നയ രൂപീകരണവും ഇതിന് ആക്കം കൂട്ടിയതായി റിപ്പോർട്ടിൽ പരാമർശമുണ്ട്.

***** ********* ********** ******

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും....

(ബ്രേക്ക്)

***** ********* ********** ******

## NILAMBUR ELECTION.. ( INTRO)

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയാകുന്നതായി ജില്ലാ കളക്ടർ വി.ആർ. വിനോദ്. വോട്ടെടുപ്പ് സുതാര്യമായും ഭയാശങ്കകളില്ലാതെയും നടത്തുന്നതിനുള്ള സംവിധാനങ്ങൾ സജ്ജമാക്കിയതായും അദ്ദേഹം പറഞ്ഞു. ഒരു പോളിംഗ് സ്‌റ്റേഷനിൽ പരമാവധി വോട്ടർമാരുടെ എണ്ണം 1100ൽ താഴെയാകുന്ന തരത്തിൽ പുതുതായി 59 പോളിംഗ് സ്‌റ്റേഷനുകൾ കൂടി ക്രമീകരിച്ചിട്ടുണ്ടെന്നും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ കളക്ടർ വ്യക്തമാക്കി.

(ഹോൾഡ്)

മണ്ഡലത്തിൽ ആകെ 14 പ്രശ്നബാധിത ബൂത്തുകൾ ഉണ്ടെന്നും ഈ ബൂത്തുകളിൽ കർശന സുരക്ഷാ സംവിധാനം ഒരുക്കുമെന്നും ജില്ലാ പോലീസ് മേധാവി ആർ വിശ്വനാഥ് അറിയിച്ചു. നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമായി തുടരുകയാണ്. ഈ മാസം 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

****************************************

## SHIP – SEARCH (INTRO)

കോഴിക്കോട് തീരത്തിന് സമീപം തീപിടിച്ച സിംഗപ്പൂർ ചരക്ക് കപ്പലിലെ തീ ഭാഗികമായി കെടുത്തി. രക്ഷാദൗത്യം തുടരുന്നതായി തീരസംരക്ഷണ സേന അറിയിച്ചു. കാണാതായ നാലു പേർക്കായി ഊർജിതമായ തിരച്ചിലും തുടരുകയാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....**

(വോയിസ്)

******************************

## RAIN-KERALA

സംസ്ഥാനത്ത് കാലവർഷം വീണ്ടും സജീവമാകുന്നു. അടുത്ത 6 ദിവസം വ്യാപകമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് നാളെ മുതൽ ഈ മാസം 14 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

******************************

## COVID-19 - STUDY

രാജ്യത്തെ കോവിഡ് രോഗികളുടെ എണ്ണം 7,121 ആയതായി കേന്ദ്ര ആരോഗ്യമന്ത്രാലയം. 8,573 പേർ രോഗമുക്തി നേടി. കേരളത്തിൽ 2,223 പേരാണ് ചികിത്സയിലുള്ളത്.

******************************

## YOGA REGISTRATION

ജൂൺ 21 അന്താരാഷ്ട്ര യോഗാ ദിനാചരണത്തിൻറെ ഭാഗമായി നടക്കുന്ന യോഗ സംഗമത്തിൽ പങ്കെടുക്കുന്നതിനായി ഇതിനകം 50,000 ത്തിലധികം സംഘടനകൾ രജിസ്ട്രേഷൻ പൂർത്തിയാക്കി. രാവിലെ 6.30 മുതൽ 7.45 വരെയാണ് രാജ്യത്തുടനീളം ഒരേസമയം യോഗ സംഗമം സംഘടിപ്പിക്കുന്നത്. *ഏക ഭൂമിക്കും ഏകാരോഗ്യത്തിനുമായി യോഗ* എന്നതാണ് ഈ വർഷത്തെ യോഗാ ദിനാചരണ പ്രമേയം. ഒരു ലക്ഷം സ്ഥലങ്ങളിൽ യോഗ

സംഗമം സംഘടിപ്പിക്കാനാണ് ആയുഷ് മന്ത്രാലയം ലക്ഷ്യമിടുന്നത്.

******************************

## WORLD TEST CRICKET

ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ന് ദക്ഷിണാഫ്രിക്കയും ഓസ്ട്രേലിയയും ഏറ്റുമുട്ടും. ലണ്ടനിലെ ലോഡ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഉച്ച തിരിഞ്ഞ് 3.30 ന് കളി ആരംഭിക്കും.

******************************

## QUALIFY FOR FIFA

2026 ഫിഫ ലോകകപ്പ് യോഗ്യത സ്വന്തമാക്കി ബ്രസീലും ഇക്വഡോറും. ലോകകപ്പ് യോഗ്യതാ പോരാട്ടത്തിൽ പരാഗ്വേയ്ക്കെതിരെ നിർണായക വിജയം നേടിയാണ് ബ്രസീൽ യോഗ്യത ഉറപ്പിച്ചത്. പെറുവിനെതിരെ ഗോൾരഹിത സമനില വഴങ്ങി ഇക്വഡോർ ലോകകപ്പ് യോഗ്യത നേടുകയായിരുന്നു.

******************************

## FOOTBALL

എ.എഫ്.സി ഏഷ്യൻ കപ്പ് ഫുട്ബോൾ യോഗ്യതാ മത്സരങ്ങളുടെ രണ്ടാം റൗണ്ടിൽ ഇന്ത്യയുടെ സീനിയർ പുരുഷ ടീം ഹോങ്കോങ്ങിനോട് പരാജയപ്പെട്ടു. ഏകപക്ഷീയമായ ഒരു ഗോളിനായിരുന്നു തോൽവി. ഇൻജുറി ടൈമിൽ സ്റ്റീഫൻ പെരേരയാണ് ഹോങ്കോങ്ങിൻറെ വിജയഗോൾ നേടിയത്. മറ്റൊരു മത്സരത്തിൽ സിംഗപ്പൂർ ബംഗ്ലാദേശിനെ 2-1 ന് പരാജയപ്പെടുത്തി.

******************************

## US CHINA TRADE TALKS

അമേരിക്കയ്ക്കും ചൈനയ്ക്കുമിടയിലെ വ്യാപാര സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് പ്രത്യേക രൂപരേഖ തയ്യാറാക്കാൻ ധാരണ. ഇരുരാജ്യങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥർക്കിടയിൽ ലണ്ടനിൽ രണ്ട് ദിവസമായി നടന്ന ചർച്ചയിലാണ് തീരുമാനം.